# പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1889 13/06/2019- ൽ മറുപടി നൽകേണ്ടത്**

## ഉപഗ്രഹചിത്രങ്ങൾ ലഭ്യമാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ശാന്തിനി, പെരുമ്പയിൽ വീട്, കാക്കശ്ശേരി, ചിറ്റാട്ടുകര പി.ഒ., തൃശ്ശൂർ നൽകിയ അപേക്ഷയിന്മേൽ ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിനായി ടിയാളുടെ വീട് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ഉപഗ്രഹചിത്രങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) നോട് തൃശ്ശൂർ അഗ്രികൾച്ചറൽ ഫീൽഡ് ആഫീസർ 11.1.2019 – ന് നൽകിയ അപേക്ഷ (രജി നം.3215) യിൻമേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ), (ബി), & (സി) | തൃശ്ശൂർ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ 11.01.2019 ൽ നൽകിയ അപേക്ഷ കെ.എസ്.ആർ.ഇ.സി.യിൽ 14.01.2019 ൽ റഫറൻസ് നമ്പർ 3215 ആയി ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേലുള്ള റിപ്പോർട്ട് 10.06.2019 ൽ തൃശ്ശൂർ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള ശരാശരി 75 മുതൽ 80 വരെ WP(C) അപേക്ഷകൾ ദിവസവും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC)ൽ ലഭിക്കുന്നുണ്ട്. അപേക്ഷകളുടെ രജിസ്ട്രേഷൻ, സ്കാനിംഗ്, ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ ഡിജിറ്റൈസേഷൻ, ഉപഗ്രഹ ചിത്ര പരിശോധന, ഡൗൺ ലോഡിംഗ്, രൂപരേഖ തയ്യാറാക്കൽ, വ്യത്യസ്ത ഡാറ്റകളുടെ വിശകലനം, പ്രിന്റിംഗ്, തപാൽ അയയ്ക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് സമയ ദൈർഘ്യം ഉണ്ടാകാറുണ്ട്. |
| (ബി) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായിട്ടും പ്രസ്തുത ഉപഗ്രഹചിത്രങ്ങൾ നൽകുന്നതിന് കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത ഉപഗ്രഹചിത്രങ്ങൾ അടിയന്തിരമായി നൽകുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്ററിന് നിർദ്ദേശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**